**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6506** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ കരം രസീതിൽ ഉടമസ്ഥരായവരുടെയെല്ലാം പേരുകൾ ചേർത്ത് കരം രസീത് പുതുക്കി നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് റീസർവ്വേ തണ്ടപ്പേര് നൽകി കരം സ്വീകരിച്ച് തുടങ്ങിയത് എന്നുമുതലാണ്; റീസർവ്വേ നടപടികൾ സംബന്ധിച്ച പരാതികൾ നൽകുന്നതിനുള്ള അവസാന തീയതിയും പരാതി നൽകേണ്ടത് ആർക്കാണെന്നും വ്യക്തമാക്കുമോ; | (എ) | വഞ്ചിയൂർ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 15/06/2019 മുതലാണ് കരം സ്വീകരിച്ചു തുടങ്ങിയത്. 15/06/2019-ന് ശേഷമുള്ള ആക്ഷേപങ്ങൾ തിരുവനന്തപുരം (ഭൂരേഖ) തഹസിൽദാർ സ്വീകരിച്ചുവരുന്നു. പരാതികൾ നൽകുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ചിട്ടില്ല. |
| (ബി) | റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുമുൻപ് ഉണ്ടായിരുന്ന തണ്ടപ്പേർ നമ്പർ പ്രകാരം വഞ്ചിയൂർ വില്ലേജിൽ കരം അടച്ചുകൊണ്ടിരുന്നതും സബ്ഡിവിഷനുകൾ/ക്രയവിക്രയങ്ങൾ ഒന്നും തന്നെ നടക്കാത്തതുമായ ഏതെങ്കിലും വസ്തുക്കളുടെ തണ്ടപ്പേർ നമ്പരിന് റീസർവ്വേ നടപടികൾക്ക് ശേഷം ഒന്നിൽക്കൂടുതൽ റീസർവ്വേ തണ്ടപ്പേർ നമ്പരുകൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആയതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ; | (ബി) | വഞ്ചിയൂർ വില്ലേജിൽ 171 ബ്ലോക്കുകളിലായി 17111 തണ്ടപ്പേരുകളാണ് റീസർവ്വെ പ്രകാരം നിലവിലുള്ളത്. ആയതിനാൽ മുൻസർവ്വെ/ റീസർവ്വെ തണ്ടപ്പേർ രജിസ്റ്ററുകൾ വിശദമായി പരിശോധിച്ചാൽ മാത്രമേ ആയത് കണ്ടെത്തുവാൻ കഴിയുകയുള്ളൂ. |
| (സി) | റീസർവ്വേക്ക് മുമ്പ് T 6023 തണ്ടപ്പേർ പ്രകാരം വഞ്ചിയൂർ വില്ലേജിൽ കരം അടച്ചു വന്നിരുന്ന വിവിധ സർവ്വേ നമ്പറിൽപ്പെട്ടതും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പ്രശാന്ത് നഗർ ഹൗസിംഗ് കോളനി ഫ്ലാറ്റ് സമുച്ചയം നിലകൊള്ളുന്നതുമായ വസ്തുവിന് റീസർവ്വേ കഴിഞ്ഞപ്പോൾ രണ്ട് തണ്ടപ്പേർ (T 17 & 1491) പ്രകാരം കരം തീർത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഈ നടപടി ക്രമപ്രകാരമാണോയെന്നും അല്ലെങ്കിൽ തെറ്റായ നടപടി തിരുത്തുന്നതിന് എന്തെല്ലാം നടപടികൾ, സ്വീകരിക്കുമെന്നും അറിയിക്കുമോ; | (സി) | 02/12/2020-ൽ 2020-2021 സാമ്പത്തിക വർഷം വരെയുള്ള കരം ഒടുക്കി നൽകിയിട്ടുണ്ട്. റീസർവ്വെ പ്രകാരം ഹൗസിംഗ് ബോർഡിന്റെയും താമസ കക്ഷികളുടെയും പേരിൽ വന്നിട്ടുള്ളതിനാലാണ് കരം ഒടുക്കി നൽകിയിട്ടുള്ളത്. ക്രമപ്രകാരമാണ് കരം ഒടുക്കി നൽകിയിട്ടുള്ളത്. |
| (ഡി) | ഏത് ചട്ടപ്രകാരമാണ് ഇപ്രകാരം രണ്ട് തണ്ടപ്പേർ | (ഡി) | റീസർവ്വെ റിക്കാർഡ് പ്രകാരം ടി സ്ഥലം രണ്ട് |

| | | | |
|---|---|---|---|
| | നല്കിയതെന്നും ഇക്കാര്യത്തിനായി ആരെങ്കിലും ആവശ്യമുന്നയിച്ചിരുന്നോയെന്നും എങ്കിൽ ആരുടെ ഉത്തരവ് പ്രകാരമാണ് ഇത് നടപ്പാക്കിയതെന്നും അറിയിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; റീസർവ്വേക്ക് മുമ്പ് T 6023 തണ്ടപ്പേർ പ്രകാരം ഉള്ള വസ്തുവിന്റെ നിലവിലെ അളവ് എത്ര; ഇതിന് റീസർവ്വേയ്ക്ക് ശേഷമുള്ള തണ്ടപ്പേർ നമ്പർ പ്രകാരമുള്ള അളവ് എത്ര; പ്രസ്തുത വസ്തുവിൽ 2000-ന് ശേഷം സബ്ഡിവിഷനുകൾ ഉണ്ടായിട്ടുണ്ടോ; | | തണ്ടപ്പേരുകളിൽ ഉൾപ്പെട്ടുവന്നതിനാലാണ് രണ്ട് തണ്ടപ്പേർ നമ്പർ നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീസർവ്വെ പ്രകാരം റീസർവ്വെ നമ്പർ 162/8 ൽ 28.60 ആർ ഉം റീസർവ്വെ 162/43-ൽ 33.15 ആർ ഉം ഉൾപ്പെടെ 61.75 ആർ ഉള്ളതാണ്. റീസർവ്വെയ്ക്ക് മുമ്പ് റ്റി-6023-ൽ 84.73 ആർ ഉണ്ടായിരുന്നതും ആയതിൽ നിന്നും റോഡിന് സ്ഥലം പോയിട്ടുള്ളതുമാണ്. |
| (ഇ) | ബി.റ്റി.ആർ. T 6023 തണ്ടപ്പേർ പ്രകാരം 2018-2019-ൽ കരം ഒടുക്കിയിരുന്ന ആകെ ഉടമസ്ഥർ എത്രയെന്നും ആദ്യ മൂന്ന് പേർ ആരെല്ലാമെന്നും റീസർവ്വേയ്ക്ക് ശേഷമുള്ള കരം രസീതിൽ ടിയാൻമാരുടെ പേര് എത്രാമതെന്നും അറിയിക്കുമോ; 2018-2019-ൽ കരം ഒടുക്കിയിരുന്ന ആദ്യപേരുകാരായ ഉടമസ്ഥരുടെ പേരുകൾ ഒഴിവാക്കി ടാക്സ് കൈപ്പറ്റുകയും ഓൺലൈൻ കരം രസീതിൽ മുതൽപ്പേർ എന്നു മാത്രം ചേർക്കുകയും ചെയ്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും ഇത് ക്രമപ്രകാരമുള്ളതാണോയെന്നും ഇക്കാര്യത്തിൽ വില്ലേജ് ഓഫീസറുടെ ഉത്തരവാദിത്തമെന്താണെന്നും വ്യക്തമാക്കാമോ; | (ഇ) | റീസർവ്വെയ്ക്ക് മുമ്പുള്ള തണ്ടപ്പേർ 6023 പരിശോധിച്ചതിൽ തണ്ടപ്പേരുകാരുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം തിരിച്ചറിയാനാവാത്ത വിധം നശിച്ചുപോയിട്ടുള്ളതായി വഞ്ചിയൂർ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ആദ്യ മൂന്ന് പേരുകാർ ആരെല്ലാമെന്ന വിവരവും റീസർവ്വെയ്ക്ക് ശേഷമുള്ള കരം രസീതിൽ ടിയാന്മാരുടെ പേര് എത്രാമതെന്നും അറിയുവാൻ നിർവ്വാഹമില്ല. Undivided Shares ഉള്ള കൈവശ ഭൂമിക്ക് കൂട്ടു പട്ടാദാർമാർക്ക് എല്ലാവർക്കും കൈവശഭൂമിയിന്മേൽ തുല്യ അവകാശമാണുള്ളത്. ഓൺലൈൻ ഭൂനികുതി രസീതിൽ 3 പട്ടാദാർമാരുടെ പേരുകൾ മാത്രമേ ഉൾപ്പെടുത്തുവാൻ നിലവിൽ സംവിധാനം ഉള്ളൂ. ആയതിനാലാണ് മുതൽപേർ എന്ന് ചേർത്തിരിക്കുന്നത്. ഓൺലൈൻ ന്ികുതി രസീതിലെ QR കോഡ് സ്കാൻ ചെയ്ത് കൂട്ടുപട്ടാദാർമാർ ആരെല്ലാമാണെന്ന് മനസ്സിലാക്കാവുന്നതാണ്. |
| (എഫ്) | കരം തീരുവ രസീത് വസ്തുവിന്റെ ഉടമസ്ഥാവകാശത്തിന്റെ ഒരു അടിസ്ഥാന രേഖയായിരിക്കെ വില്ലേജ് ഉദ്യോഗസ്ഥരുടെ സൗകര്യാർത്ഥം പഴയ ടാക്സ് രജിസ്റ്ററിലെ ക്രമം പാലിക്കാതെ മൂന്ന് ഉടമസ്ഥരുടെ പേരുകൾ മാത്രം ചേർത്തും മറ്റുള്ളവരുടെ പേരുകൾക്ക് പകരം മുതൽപ്പേർ എന്നുമാത്രം ചേർത്തും കരം അടച്ചുനൽകിയാൽ വിവിധ ആവശ്യങ്ങൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് കൈവശാവകാശം/തണ്ടപ്പേർ/അക്കൗണ്ട് പകർപ്പ് എന്നിവയ്ക്കായി അക്ഷയകേന്ദ്രം/വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ വസ്തുവിന്റെ ഉടമസ്ഥർ | (എഫ്) | കരം തീരുവ രസീത് വസ്തുവിന്റെ ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാന രേഖയല്ല. സർക്കാരിലേയ്ക്ക് കരം ഈടാക്കിയതിനുള്ള രസീത് മാത്രമാണ്. Undivided Shares ഉള്ള കൈവശ ഭൂമിക്ക് കൂട്ടു പട്ടാദാർമാർക്ക് എല്ലാവർക്കും കൈവശഭൂമിയിന്മേൽ തുല്യ അവകാശമാണ് ഉള്ളത്. ആയതിനാൽ നികുതി രസീതിൽ പട്ടാദാരുടെ ക്രമം തെറ്റിയാൽ ഭൂമിയിന്മേലുള്ള അവകാശം ഇല്ലാതാകുന്നില്ല. വിവിധ ആവശ്യങ്ങൾക്കായി ഉടമസ്ഥർക്ക് വിവിധ ഓഫീസുകളിൽ കയറിയിറങ്ങേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | കയറിയിറങ്ങേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ജി) | T 6023 തണ്ടപ്പേരിന് പകരം നൽകിയിട്ടുള്ള റീസർവ്വേ തണ്ടപ്പേർ നമ്പർ വസ്തുവിന് 2020-21-ലെ ഓൺലൈൻ കരം രസീതിൽ വസ്തുവിന്റെ ഉടമസ്ഥരായ എല്ലാവരുടേയും പേരുകൾ ചേർത്ത് പുതുക്കിയ കരം രസീത് നൽകുന്നതിനും ഭാവിയിൽ ഇപ്രകാരം നടപടി സ്വീകരിക്കുന്നതിനും ചട്ടരഹിതമായും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നവിധം അവരവരുടെ സൗകര്യാർത്ഥം പ്രവർത്തിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ജി) | ഓൺലൈൻ നികുതി രസീതിയിൽ 3-ൽ കൂടുതൽ പട്ടാദാരുടെ പേരുകൾ രേഖപ്പെടുത്താൻ നിലവിൽ സംവിധാനമില്ല, കരം രസീതിൽ വസ്തുവിന്റെ ഉടമസ്ഥരായ എല്ലാവരുടെയും പേരുകൾ ചേർത്ത് നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ